**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.59** **11.06.2012 ലെ മറുപടിയ്ക്ക്**

**ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അപേക്ഷകൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. കെ. രാധാകൃഷ്ണൻ** | **ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)** |
| (എ) കഴിഞ്ഞ വർഷം നടത്തിയ ജനസമ്പർക്ക പരിപാടിയിൽ നിന്നും ലഭിച്ച അപേക്ഷകൾ പൂർണ്ണമായും തീർപ്പു കല്പിച്ചിട്ടുണ്ടോ ; | (എ) ഇല്ല |
| (ബി) ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം വകുപ്പ് തിരിച്ച് പറയാമോ; | (ബി) തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ഒഴികെയുള്ള ജില്ലകളിൽ ലഭിച്ച അപേക്ഷകളുടെ വകുപ്പ് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. ലഭ്യമല്ലാത്ത ജില്ലകളിൽ നിന്നും വിവരം ശേഖരിച്ചു വരുന്നു. |

(സി) ഈ അപേക്ഷകൾ തീർപ്പാക്കുന്നതിന് മുഖ്യമന്ത്രിയുടെ ആഫീസിലും മറ്റ് വകുപ്പുകളിലും നടപ്പിലാക്കിയിട്ടുള്ള പ്രത്യേക സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ഡി) ജനസമ്പർക്ക പരിപാടികളിലെ അപേക്ഷകൾക്ക് പരിഹാരം കാണാൻ കഴിയാത്തത് സംബന്ധിച്ച് വ്യാപകമായ പരാതികൾ നിലനിൽക്കുന്ന സാഹചര്യത്തിൽ തീർപ്പാക്കാൻ ഓരോ ജില്ലയിലും എത്ര അപേക്ഷകൾ ബാക്കിയുണ്ടെന്നും അവ എന്നു തീർപ്പാക്കാൻ കഴിയുമെന്നും പറയാമോ ?

(സി & ഡി)

ജില്ലാതലത്തിൽ അവലോകനം നടത്തുകയും നിയമപരമായി പരിഹരിക്കാൻ കഴിയുന്ന പരാതികൾ പരിഹരിക്കുന്നതിന് ജില്ലാതല ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ജനസമ്പർക്ക പരിപാടിയിലൂടെ സംസ്ഥാനത്ത് ഒട്ടാകെ, 5 ലക്ഷത്തിലധികം പരാതികൾ ലഭിച്ചതിൽ 30.4.2012 വരെ 3,63,464 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികൾ അവലോകനം ചെയ്തതിൽ നിന്നും റീസർവ്വെ, ബി.പി.എൽ. കാർഡ്, വീട് വയ്ക്കുന്നതിന് ധനസഹായം എന്നിവ സംബന്ധിച്ച പരാതികളാണ് തീർപ്പ് കൽപ്പിക്കാൻ പ്രധാനമായും ഇനി അവശേഷിക്കുന്നത്. ഈ സാഹചര്യത്തിൽ, വില്ലേജ് തലത്തിൽ പ്രത്യേകമായി സർവ്വെ അദാലത്ത് സംഘടിപ്പിച്ച് സമയബന്ധിതമായി തീരുമാനം കൈക്കൊള്ളാൻ റവന്യു വകുപ്പിനും, ബി. പി.എൽ.കാർഡ് ലഭ്യമാക്കുന്നതിന് വേണ്ടിയും/വീട് വയ്ക്കുന്നതിന് ധനസഹായം നൽകാനുള്ള കാര്യത്തിലും അർഹരായവരെ കണ്ടെത്തുന്നതിന് വേണ്ടിയുള്ള ഊർജ്ജിത നടപടി സ്വീകരിക്കാൻ തദ്ദേശ സ്വയം ഭരണ വകുപ്പിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ടി പരാതികളുടെ അന്തസ്സത്ത ഉൾക്കൊണ്ട് സങ്കീർണ്ണമായ വിവിധ ജനകീയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നിലവിലുള്ള സർക്കാർ ഉത്തരവുകളിൽ വേണ്ട ഭേദഗതി വരുത്തുകയും ജനക്ഷേമപരമായ മറ്റ് നടപടികൾ സ്വീകരിക്കാനും കഴിഞ്ഞിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തിയും, ബി.പി. എൽ. ലിസ്റ്റ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുനർ നിശ്ചയിച്ചുകൊണ്ടും, സ്ഥിരമായ അംഗവൈകല്യമുള്ളവർക്ക് കെ.എസ്.ആർ.ടി.സി. ബസ്സിൽ യാത്രാ ആനുകൂല്യം ലഭിക്കുന്നതിന് ഓരോ വർഷവും സർട്ടിഫിക്കറ്റും പാസ്സും പുതുക്കുന്ന രീതി അവസാനിപ്പിക്കുവാനും ഇതിലേക്കായി ഒറ്റപ്രാവശ്യം പാസ്സ് നൽകിയാൽ മതിയെന്നും കെ.എസ്.ആർ.ടി. സി.യ്ക്ക് നിർദ്ദേശം നൽകികൊണ്ടും, സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ കെട്ടിടങ്ങളിൽ അംഗവൈകല്യമുള്ളവർക്ക് സുഗമമായി പ്രവേശിക്കുന്നതിനുള്ള സൗകര്യങ്ങളും പ്രത്യേക ടോയിലറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തുന്നത് നിർബന്ധമാക്കിക്കൊണ്ടും, നാഷണൽ ബെനഫിറ്റ് സ്കീം അനുസരിച്ച് ലഭ്യമായിട്ടുള്ള മുഴുവൻ അപേക്ഷകളിലും അടിയന്തിരമായി തീരുമാനം എടുക്കാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ടും,

----4

കെട്ടിട നിർമ്മാണ ചട്ടങ്ങളും നിയമങ്ങളും ലംഘി ക്കപ്പെടുന്ന 100 ച.മീറ്റർ വരെയുള്ള വീടുകൾക്ക് താല്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള അധികാരം പഞ്ചായത്ത്/മുനി സിപ്പാലിറ്റി/കോർപ്പറേഷനുകൾക്ക് നകിക്കൊണ്ടും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 1.1.1993 മുതൽ 31.5.2012 വരെയുള്ള കാലയളവിൽ റദ്ദായ രജി സ്ട്രേഷൻ പുതുക്കുന്നതിന് അവസരം നൽകിക്കൊണ്ടും സർക്കാർ ഉത്തരവുകൾ പുറപ്പെടു വിച്ചിട്ടുണ്ട്.

എല്ലാവർക്കും ഭൂമി എല്ലാവർക്കും വീട് എന്ന സമഗ്രഭവന നിർമ്മാണ പുനരധിവാസ പദ്ധതിക്ക് രൂപം നൽകുന്നതിനായി മന്ത്രിസഭ ഉപസമിതിയും രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.